

3108

1215

# ആഗസ്റ്റ് പതിനഞ്ച് —

ഭാരതചരിത്രത്തിലെ സുവർണ്ണാദ്ധ്യായമായ ആ പുണ്യദിനത്തിന്റെ പുലരിയിൽ, കേരളക്കരയിലെ ഒരോണംകേറാമൂലയിലുള്ള പുലമാടത്തിൽ നടന്ന ഹൃദ്യോല്ലാസസംഭവത്തെ പുരസ്കരിച്ചുകൊണ്ട് കൃതഹസ്തനായ മഹാകവി ജി. ശങ്കരക്കുറുപ്പവർകൾ തന്റെ മഹിതഭാവനയിലൂടെ ചെയ്തിട്ടുള്ള ഗ്രാമീണജീവിതത്തിന്റെ സരളചിത്രണമായ ഈ കലാരൂപകം ആരേയും പുളകംകൊള്ളിക്കുന്നതാകുന്നു.

# ആഗസ്റ്റ്, 15

(ഏകാങ്കം)

3108

ജി. ശങ്കരക്കുറുപ്പ്

രണ്ടാംപതിപ്പ് കോപ്പി 1000.
1956 ജനുവരി.

വില: ആറണ.

(പകർപ്പവകാശം കവിക്ക്)

പ്രസാധകന്മാർ:
പി. കെ. ബ്രദേർസ്,
കോഴിക്കോട്.

അച്ചടി:
പ്രകാശകൌമുദി അച്ചുക്കൂടം, കോഴിക്കോട്.

3108

ആഗസ്റ്റ് പതിനഞ്ചിന്റെ അർത്ഥം ഗ്രാമീണജീവിതത്തിന്റെ ഭാഷയിൽ സരളമായി വ്യാഖ്യാനിക്കുകയാണ് ഈ ചെറിയ ഏകാങ്കം.

—ജി.

3108

പാത്രങ്ങൾ:—

**തേവൻ**—ഒരു ഹരിജൻ വിദ്യാൎത്ഥി,
പതിമൂന്നു വയസ്സ്.

**കുറുമ്പ**—തേവന്റെ അമ്മ.

**കേളുനായർ**—ജന്മിയുടെ കാൎയ്യസ്ഥൻ-
അമ്പത്തഞ്ചുകടന്നിരിക്കും.

**തമ്പാൻ, രാമചന്ദ്രൻ, വേലു, റഹിം, ജോസ്,**
—തേവന്റെ സഹപാഠികൾ.

രംഗം—കേരളത്തിലെ ഒരു കുഗ്രാമം.

സമയം—പ്രഭാതം.

# ആഗസ്റ്റ്, 15

[രംഗനിർദ്ദേശം: പാടത്തിന്റെ ഇറമ്പിലുള്ള ഒരു പുലമാടം. ചുറ്റും വിളഞ്ഞുകിടക്കുന്ന നെല്ല്. പാടത്തിന്റെ മറുകരയിൽ, രണ്ടു വിളിപ്പാടകലെ, ഉള്ള വിദ്യാലയത്തിലേക്ക്, നടവരമ്പുകളിൽ കൂടി, ത്രിവർണ്ണപതാകകൾ പറപ്പിച്ചുകൊണ്ട് ആൺകുട്ടികളും പെൺകുട്ടികളും ഓരോ ചെറിയ കൂട്ടമായി പോകുന്നു. അവരുടെ സ്വാതന്ത്ര്യഗാനങ്ങൾ ഇടയ്ക്കിടെ ആ പ്രദേശം മുഖരമാക്കുന്നു. തേവൻ, അവരുടെ സഹപാഠി, പതിമൂന്നു വയസ്സായ പുലയൻ, ഒരു വാഴയണയിൽ ത്രിവർണ്ണപതാക തൂക്കി മാടത്തിന്റെ മുകളിൽ നാട്ടിക്കൊണ്ടു നില്ക്കുന്നു.]

**തേവൻ**

'വെൽക ഭാരതാഭിമാന വൈജയന്തികേ,
വൈജയന്തികേ!'

**(മാടത്തിന്റെ അകത്തുനിന്ന്)**

"തേവാ, നീയെന്തെടുക്കാ? വല്യ കോലാൻ ഇന്നു നിനക്കു നല്ല തമ്മാനം തരും, നല്ല തമ്മാനം—ഇല്ലിക്കോലൊടീണവരെ."

**തേവൻ**

“തേവനെന്തുചെയ്യു തല്ലാനും കൊല്ലാനും’ക്കെ.”

[ഒരു പുലയി മാടത്തിൽനിന്നു ന്തുണ്ട പുറത്തേയ്ക്കു വരുന്നു.]

**പുലയി**

‘എന്തെട്ക്കാ അവിടെ? പുലരുമ്പൊത്തന്നെ പടിക്കെ ചെല്ലണം, നിന്നൊ എങ്ങാണ്ടോന്നായസ്സോനാ. വല്യ കോലാൻ ഇന്നലെ അന്തിവല്ലി തന്നെപ്പൊ പറഞ്ഞതാ ......നീ ആ പാവലം ഒക്കെ ചവ്ട്ടി മെതിച്ചു കളഞ്ഞുല്ലൊ!

(മാടത്തിന്മേൽനിന്നു ഊൎന്നു വീണ പാവലത്തല നേരെ പിടിച്ചുവയ്ക്കുന്നു.)

**തേവൻ**

‘പാവലത്തിനു കേടു പറേറ്വ്യാ? ഞാൻ കണ്ടില്യ കൊടി നാട്ടാനുള്ള ധിറുതികൊണ്ട്. * * *

(മുളിപ്പാട്ട്)

“വെൽക ഭാരതാഭിമാന
വൈജയന്തികേ,
വൈജയന്തികേ,...
വൈജയന്തികേ.” * * *

ആട്ടെ, പാവലിനു കേട്ട വന്നാ’ന്താ? വാൻവീഴണാത്, വാൻ വീഴണത്, വല്യകോലാന്! പണീ’ട്ടക്കണെ എൻെറ തന്തയ്ക്കും തള്ളയ്ക്കും പാവയ്ക്കു കയ്ക്കും. നല്ല കോലാൻ! വല്യകോലാൻ!!

### പുലയി

‘എട, മുളയാ, വല്യകോലാനെങ്ങാൻ കേട്ടാ’ക്കഴിഞ്ഞു! നിൻെറ എല്ല് വെള്ളം. മാടത്തറ, കൊളം.

### തേവൻ

‘പിന്നെ! ഇനി ഉതൊന്നും അത്ര നടക്കൂ’ല്യ! 3108

### പുലയി

‘ഇല്ലെന്നോ! നടക്കൂല്ലെന്നോ!! നാവ് വായിക്കിടന്നോട്ടെ. നിൻെറ തന്തേടെ പൊറം ഒന്ന് നോക്കീട്ട പറ. ആരാണ്ടോ കോലാൻെറ പറമ്പീന്ന് ഒരു * നരയൻ കട്ടോണ്ടുപോയി. എത്ര തല്ലാ നിൻെറ തന്തേത്തല്ല്യേ! അന്നൊന്നെ മാടത്തിക്കൊണ്ടോ’ന്നിട്ടേ’ള്ളു. ചോരയൊലിച്ചോണ്ടു വന്ന വരവ്! ഇപ്പളും കണ്ണുനിറയും ഇനിക്ക്, അതോർത്താ. തെയകൊണ്ടു പോല്ലീതേമാന്മാരെ അറീച്ചില്ല്യ, വല്യകോലാൻ!

* കമ്പളങ്ങ.

തേവൻ

'നല്ല ദയ! എന്നിട്ടും ആ വല്യകോലാൻെറ കന്നു കാലിപോലെ കിടന്നതല്ലോ?

പുലയി

'പിന്നെ എവിടെപ്പോവാനാ? പോരെങ്കി, നിൻെറ തന്തയ്ക്കു വല്യകോലാൻ തൈവോം'!

തേവൻ

'ഉം...(നെടുവീർപ്പിടുന്നു) ഈ കൊടി കണ്ടോ. പച്ച, വെള്ളപ്പ്, ചുവപ്പ്—എന്തൊരു ചന്തം! കാററത്തു കിടന്നു ആടണു. എനിക്കൊന്നു ചാടിത്തുള്ളാൻ തോന്നണു.'

പുലയി

'നമ്മ്ടെ മാടം തളിരുചൂടിയപോലെ! എന്താ നടുവില് കൊടച്ചക്രംപോലെ?'

തേവൻ

പണ്ടു പാവങ്ങളെ കാക്കണെ ഒരു തമ്പുരാനുണ്ടായിരുന്നു—അശോകൻ. അവിടെത്തെ കാലത്തെയാ, ഈ ചക്രം.

പുലയി

'പാവങ്ങളെ കാക്കണെ തമ്പ്രാനോ! നിനക്കു പിരാന്താ.'

**തേവൻ**

'അല്ല, എനിക്ക പ്രാന്തല്ല. ആ തമ്പുരാൻെറ കഥ ഞങ്ങടെ പുസ്തകത്തിലുണ്ട്. നാളെ ഞാൻ പറഞ്ഞു കേൾപ്പിക്കാം.'

**പുലയി**

'എനിക്ക്ണ്ടോ, മുളയാ, കതകേട്ടിരിക്കാൻ പാക്യം! രണ്ടച്ചരം ചെരുപ്പത്തിപ്പടിച്ചിരുന്നെങ്കി!........ഞാൻ പുല്ലറക്കാൻ പോണ്. നീ ഈ മൂന്നാമ്മൂന്ന് കഴ, മാടത്തിൻെറ മോളില് കുത്തീട്ടുപോ'ല്ലേ.

**തേവൻ**

കഴവോ! ഏതു കഴ?

**പുലയി**

'ആ കൊടിയേ, ആ കൊടി. വല്ല ചോന്ന തൊപ്പിക്കാരും കണ്ടാ പൊറത്തു പിന്നെ തോല് കാണൂല്യ. കൊടീടെ മോൾപ്പാകംപോലെ ചോക്കും പുറം!

**തേവൻ**

'ആ കാലം മാറി, അമ്മേ. പോലീസ് ഇനി ഈ കൊടിയെ രക്ഷിക്കാനാ. അതറിഞ്ഞോ?

## പുലയി

'ഉം...ം...ം; രച്ചിക്കാനാ! അറിഞ്ഞോ അറിഞ്ഞു. ഞാൻ കണ്ടതല്ലേ മൂന്നാല് ച്ചിങ്ങത്തിനമുമ്പ് ആ ചട്ഗ്ളാൻെറ കള്ളുകടേടെ മുമ്പില് 'കള്ളുകുടിക്കരുത്' എന്നു പറഞ്ഞോണ്ടുനിന്ന് മൂന്നാല് കൊച്ച'മ്പ്രാന്മാ'ര്, പൊന്നുംകുടങ്ങള്! അവരുടെ കൈയിലുണ്ടാന്ന് ഈ കൊടി. പോലീത് ഏമാന്മാര് കണ്ടോണ്ടുനില്ലേ ആ ചട്ഗ്ളാൻ കള്ളുചെരട്ട വലിച്ചെറിഞ്ഞ് അവരുടെമേല്. ഒരു കൊച്ചമ്പ്രാൻെറ നെററീന്നു ചോരയൊഴകി. മുരുക്കമ്പൂ പോലെ. എന്നിട്ടും അവിടന്നുപോയൊ! നിന്നോടത്ത് നിന്ന് ആ വാളന്തരമ്മാര്. ഒരു മീചക്കാരൻതമ്പ്രാൻ കൊടി പിടിച്ചുപറിച്ച് നെലത്തിട്ടു ചവ്ട്ടി. രച്ചിക്കാനാ, രച്ചിക്കാനാ!!"

## തേവൻ

'അതന്നാല്ലേ? ഇന്നു മട്ടൊക്കെ മാറി. ഇന്ന് അവരുടെ കുപ്പായത്തിമ്മേ' ഈ കൊടിയാ. 'തൈശ്യാരു തമ്പ്രാനാ'ത്രെ ഞങ്ങടെ സ്കൂളിൽ കൊടി ഉയത്തണെ... പൂച്ച എപ്പോഴും നാലുകാലുംകുത്ത്യേ വീഴ. കൊടി ചവിട്ടിച്ചീന്തുമ്പോളും ചമ്പളം; കൊടി ഉയത്തുമ്പോളും ചമ്പളം'

## പുലയി

'ഇതൊന്തൊരു മറി!......ഞാൻ പോണ്...വല്യ കോലാൻ വടീം'കൊണ്ട വരുംമുമ്പ് പാടിക്കലേക്ക് ചെല്ല്.

**തേവൻ**

'ഇന്നോ! ഇന്ന ഞാൻ പോം. ഘോഷയാത്രയ്ക്കാ'ന്ന മാത്രം'.

"പോരാ പോരാ, നാളിൽ നാളിൽ
ദൂരദൂര മുയരട്ടെ
ഭാരതക്ഷ്മാദേവിയുടെ തൃപ്പതാകകൾ"

എന്ന പാട്ടുപാടിക്കൊണ്ടു ഞാനും മനയ്ക്കലെ കൊച്ചു തമ്പാനും വേലുമൊക്കെ മുൻപേ നടക്കണം'ന്ന മാഷ് പറഞ്ഞിട്ടുണ്ട്. ആ പാട്ടു എല്ലാവരേക്കാളും നന്നായിട്ടു പാടിയതിന് ഈ കൊടി എനിക്കു 'സ്കൂളീ'ന്ന സമ്മാനം തന്നതാ.'

(പുറകിൽ അല്പം അകലെനിന്നു് ഒരു വിളി)
'കുറുമ്പേ! എടി കൊച്ചുറമ്പേ!'
(പുലയി ഞെട്ടിത്തിരിഞ്ഞു നോക്കുന്നു.)

**പുലയി**

'ഞാൻ പറഞ്ഞില്ല്യേ, അതാ വരണ് വല്ല്യ കോലാൻ വല്ല്യ കാഞ്ഞക്കോലുംകൊണ്ട്.'

(അമ്പത്തഞ്ചുവയസ്സായ കേളുനായർ അകലെ നിന്നിട്ട്)

"എടീ കുറുമ്പേ! നിനക്കിത്ര കുറുമ്പായോടീ? എടീ? ഞാൻ പറഞ്ഞിലേടീ നിന്റെ ചിണ്ണങ്ങനെ പടിക്കലേയ്ക്കയക്കേണ്ടെന്ന്?"

**പുലയി**

'വല്യ കോലാനേ, ഇതാ വന്ന്തേവൻ.'

**കേളുനായർ**

'എന്താടാ മാടത്തിൻെറ മോളില്. കൊടിനാട്ട്ണു, കൊടി! ഇറങ്ങിവാടാ ഇങ്ങട്ട് കഴുതേ!'

(തേവൻ 'ഞാനല്ല കഴുത' എന്നു പിറുപിറുത്തുകൊണ്ടു ഇറങ്ങുന്നു.)

**കേളുനായർ**

'എന്തെടാ പിറുപിറുക്ക്ണേ? നിൻെറ തന്തേ'ടെ പൊറംപോലെയാക്കണ്ടേ നിൻെറ കരിമ്പോറോം.'

**തേവൻ**

'ഞാനല്ല കഴ്...' (കുറുമ്പ അവൻെറ വായപൊത്തുന്നു.) ത്തുന്നു.)

**പുലയി**

'വല്യകോലാൻ പോയാട്ടെ. തേവൻ ഇതാ വന്ന് പടിക്കെ.'

**തേവൻ**

(പതുക്കെ) 'തേവൻ ഇപ്പൊ എത്തും പടിക്കെ. സ്കൂളിൻെറ പടിക്കലൊ'ന്നുമാത്രം.

പുലയി

(പതുക്കെ) 'നീ വെറുതെ ആ വല്യകോലാനോട് മേടിക്കും' (ഉറക്കെ) 'അവൻ സ്കോളിപ്പോയിട്ട ഇപ്പൊ എത്തും പടിക്കെ.'

കേളുനായർ

(പല്ലുറുമ്മിക്കൊണ്ട്) എന്താടാ നിനക്ക് ഇസ്കൂളില്! പഠിച്ചുങ്ങത്തെയാവണം നിനക്ക്, അല്ലേ? ഉം...അതു നടന്നു......ആ കൊടി വലിച്ചു താഴെയിട്. ആരോട്ട ചോദിച്ചിട്ടാ കൊടി അവിടെ നാട്ട്യ?'

തേവൻ

'ആ കൊടി വലിച്ചു താഴെ ഇട്ടൂല്യ, എൻെറ തന്ത പറഞ്ഞാലും.'

(കുറുമ്പ പരിഭ്രമിക്കുന്നു. തലമുടി പിടിച്ചു തന്നത്താൻ വലിക്കുന്നു.)

കേളുനായർ

'ഇവനെന്നെ ഈ തണ്പ്പത്ത് കളിപ്പിക്കും'ന്നത ന്നെയാ തോന്നണെ. 'എടാ എൻെറ പടിക്കെ കിട ക്കണോര് ഞാൻ പറഞ്ഞാ'കേക്കണം. നിൻെറ പുറത്ത് തോല് വെച്ചേക്കില്യ. അത്രയ്ക്കായോ! നിൻെറ ഒരു കൊടിം പാട്ടും! (മുൻപോട്ടുനീങ്ങുന്നു.)

(പുറകിൽനിന്നു കുറെ കുട്ടികളുടെ ശബ്ദം. കേളുനായർ തിരിഞ്ഞു നില്ക്കുന്നു.)

**കുട്ടികൾ**

വെൽക, വെൽക! ഭരതാവനി
പാവനി
സാഹിത്യകൃതമംഗള—
മാലിനി.

**തേവൻ**

തുംഗഹൈമവത—
ശൃംഗകിരീടിനി ഭരതാംബ.

**കുട്ടികൾ**

അജിതാ, മഹിതാ,
അത്ഭുത ശുഭചരിതാ!
(കുട്ടികൾ മാടത്തിന്റെ മുററത്തേയ്ക്കു ചെല്ലുന്നു.)

**തേവൻ**

നമസ്തേ!

**കുട്ടികൾ**

നമസ്തേ!

**പുലയി**

'അയ്യോ! കൊച്ചമ്പ്രാന്മാര് ഇങ്ങോട്ടു കേറിവന്നാ, തീണ്ടൂല്യേ?'

**കേളുനായർ**

'നശിച്ചു, നാട്, നശിച്ചു. ആ മുളയച്ചെക്കൻ പറണകേട്ടില്ലേ, 'നമത്തേ'ന്ന്. ഈ ഇസ്കൂളും മററും വന്നപ്പൊ, കഴിഞ്ഞു എല്ലാം. നാട്ടാചാരം മുച്ചൂടും പോയ്. തീണ്ടലില്ല, തൊട്ടാക്കളിയില്യ...അല്ല! ആ വല്യമനയ്ക്കലെ കൊച്ചുതമ്പാനും, നായർവീട്ടിലെ ആ പട്ടവികൃതീം, വെള്ളത്തേടൻ വേലൂം ഒക്കെണ്ട് ഈ കൂട്ടത്തില്!'

**തമ്പാൻ**

'എന്താ, കാന്നോരു പകച്ചുനോക്കണേ?'

**കേളുനായർ**

'കൊച്ചുതിരുമേനി, കേളുന്ന വിളിച്ചാ മതീല്ലോ കേളുനെ.'

**രാമചന്ദ്രൻ**

'നല്ലോരു ദിവസാ'യിട്ട്, സ്വാതന്ത്ര്യം പുലരണ ദിവസാ'യിട്ട്, കാന്നോരു തേവനെ മൂപ്പിയ്ക്കാൻ ഇറങ്ങീരിക്ക്യാ? കൊള്ളാല്ലൊ?

**കേളുനായർ**

പോടാ പട്ടവികൃതി. നിൻെറ തന്തയ്ക്കു പത്താ യോം പടിപ്പ്രേം ഉണ്ടായേന്നാന്ന് എനിയ്ക്കറിഞ്ഞൂടേ?

**രാമചന്ദ്രൻ**

'കാന്നോര്ടെ വേലി മതിലായേന മുൻപ്.'

(കുട്ടികൾ ചിരിക്കുന്നു.)

**വേലു**

(കൂട്ടത്തിൽ പൊക്കവും വണ്ണവും ഉള്ള ഒരു കുട്ടി തേവന്റെ കഴുത്തിൽ കൈയിട്ടുകൊണ്ടു്) 'തേവനെ തൊടണാത് ഒന്നു കാണണം. കാന്നോരേ, ആ കാലമൊക്കെപ്പോയി. ഈ കൊടി കണ്ടോ?'

**കേളനായർ**

'നാവിട്ടലക്കാതടാ! നിന്റെ തന്ത വിഴ്പുചോന്നു തെണ്ടിച്ച കാശോണ്ടു തടിച്ചതല്ലേടാ നീ?'

**റഹിം**

ഏതു വേലേം സേവേക്കാളും കാര്യത്തേക്കാളും ഭേദോ'ണ്, കാന്നോരേ!'

**ജോസ്**

'കൊറച്ചു നെല്ലുതരേ്ാ കാന്നോരേ? അങ്ങോട്ട് അളന്നൊട്ടക്കണെ പറയ്ക്കുതന്നെ തരണേ.'

(കുട്ടികൾ ചിരിക്കുന്നു.)

കേളനായർ

'നിൻെറ തന്തേടെ കച്ചോടോം സത്യോം ഒന്നും എന്നൊകൊണ്ട് പറേയ്ക്കണ്ട. കരുട്ടയ്ക്കുടെ കുറുമ്പു കണ്ടീല്യേ!'

(കാഞ്ഞക്കോലോങ്ങുന്നു.)

റഹിം

'കാണട്ടെ, തല്ലണതു കാണട്ടെ'.

(മാറുകാട്ടി മുൻഃപാട്ട നീങ്ങുന്നു.)

തമ്പാൻ

'കാരേന്നാക്ക് പ്രായമായില്ലേ? ഇങ്ങനെ ശുണ്ഠിയായാലോ!'

കേളനായർ

'കൊച്ചുതമ്പാനും ഇക്കൂട്ടത്തിലിറങ്ങീല്ലൊ. ഇത്ങ്ങളൊക്കെ പണ്ടേ തെറിച്ച വിത്ത്കളാണ്...മനയ്ക്ക അറിഞ്ഞാ പുണ്യാഹം, വേണോന്ന് പറയും, പുണ്യാഹം വേണോന്ന്?

തമ്പാൻ

'ന്ഠ്ം, കുറച്ചു ചുണ്ടങ്ങേം പറിച്ചോണ്ടു അങ്ങോട്ട് ചെന്നോളൂ.'

രാമചന്ദ്രൻ

'ചുണ്ടങ്ങ കൊട്ടത്തു വഴുതനങ്ങ വാങ്ങുന്ന ആളാണ്, കാന്നോരു്?'

വേലു

'താടീം തലേം നരച്ചല്ലൊ. തെറിച്ച വിത്തുകളുടെ മട്ടു കാണിച്ചു തരാന്നു.'

(ാളിവെള്ളം കേളുനായരുടെ മേൽ തട്ടിത്തെറിപ്പിയ്ക്കാൻ ഓങ്ങിയ കാൽ പിൻവലിക്കുന്നു.)

കേളുനായർ

'എടി, പുലക്കള്ളി, നിൻെറ മുളയനും നീയും! നിന്നു ചിരിയ്ക്കു്ണോ. ആ പാലക്കാടൻ, ഈ കഴവിൻെറ തന്ത' ഈററ വെട്ടാൻ കിഴക്കൻമലയ്ക്കു പോയിരിക്ക്യല്ലേ? അവൻ വന്നാ, അന്ന് ഈ മാടം പൊളിപ്പിയ്ക്കും. മാട ത്തറയിൽ മത്തകുത്തും.

പുലയി

'അയ്യോ! വല്യകോലാനേ!......

രാമചന്ദ്രൻ

'അതു തരമാവില്ല്യാ കാന്നോരേ! ഈ കൊടികുത്തിയ മാടം ഇവിടെത്തന്നെ ഇരിയ്ക്കും.'

### തമ്പാൻ

'ഈ കൊടി പാവങ്ങളെ രക്ഷിയ്ക്കാനല്ലത്രാ. പണക്കാരെ മര്യാദക്കാരാക്കാനല്ലത്രാ.'

### വേലു

'എൺപതുകോടി കൈയുണ്ട് ഈ കൊടീടെ, പിറകിൽ, എൺപതുകോടി!!'

### രാമചന്ദ്രൻ

'തേവാ, വേഗാ'വട്ടെ, വേഗം. ഖദർജ്ജുബ്ബ ഇതാ. പതാകാവന്ദനത്തിന്ന സമയമായി. പിന്നെ ഘോഷയാത്ര. വൈകുന്നേരം സമ്മേളനം.'

### പുലയി

'തേവനെ കൊണ്ടോല്ലെ, കൊച്ച് മ്പ്രാന്മാരെ! അവനെ തല്ലും.'

### കുട്ടികൾ

'ആരു തല്ലും, ഈ കൊടി രക്ഷയ്ക്കുള്ളപ്പൊ?......
പാട്ടുക, നമുക്ക ഉറക്കെ പാട്ടുക.

"വെൽക ഭാരതാഭിമാന വൈജയന്തികേ,
വൈജയന്തികേ!

പൂർണ്ണമുക്തിമോദമത്തനൃത്തകൌതുകം,
പൂണ്ടു വാനിലിളകുമമല വൈജയന്തികേ,
...വിജയ വൈജയന്തികേ!"

(എല്ലാവരും പാടിക്കൊണ്ടു പോകുന്നു. കുറുമ്പയുടെ കണ്ണിൽനിന്നു സന്തോഷാശ്രുവൊഴുകുന്നു.)

കേളുനായർ

നോക്കിക്കോ, കാണിച്ചുതരാം. ഈ കീറച്ചായത്തുണി കുടിക്കത്തീം കിടക്കേട്ടാം തരോന്നു കാണാല്ലൊ. മാടം നാളെ പൊളിയ്ക്കണം ഇവ്ടന്ന്. കാട്ടിത്തരാം.

കുറുമ്പ

കാണേണ്ടതു കണ്ടു, വല്യകോലാനേ.
(പതുക്കെ) ... തേവൻെറ തന്ത ഇതു കാണാനുണ്ടാന്നെങ്കി?

കേളുനായർ

(കാഞ്ഞക്കോല്യ് ഞെരിച്ചൊടിച്ചിട്ടു വേഗം തിരിഞ്ഞു നടക്കുന്നു) ആ കാന്തീം കൂട്ടരും വരുത്തിവെച്ചതേ! വേലക്കാരുടേം കൂലിക്കാരുടേം കാലായില്ലേ ദൈവേ!... ഇക്കണക്കിനു പണിക്കാരെ എങ്ങനെ കിട്ടും? പണി എങ്ങനെ എട്പ്പിയ്ക്കും?'

(മുകളിലേയ്ക്കു നോക്കുന്നു. പ്രസന്നമായ അന്തരീക്ഷത്തിൽ രണ്ടു നുകപ്പാട് ഉയർന്ന സൂര്യൻ പുഞ്ചിരിക്കൊള്ളുന്നു. അകലെനിന്നു പാട്ടു തുടരുന്നു. കേൾക്കാം)

"ആര്യഭാരതാഭിമാന—
നിർമ്മലോർമ്മികേ,
രമ്യകാർമ്മികേ,

പാരതന്ത്ര്യതപ്തരാജ്യ—
മുക്തിദായികേ,
സത്യഗായികേ,

ധർമ്മജൈത്രയാത്ര, തുടരും—
ശാന്തിനായികേ,
ധർമ്മപാലികേ—

വെൽക, വെൽക, സകലലോക
ചക്രപൂജിതേ,
ചക്രരാജിതേ,

അഭയദേ!—വളർന്നിടാവൂ
നിൻപ്രഭാവമെങ്ങുമേ!
നിൻപ്രസാദമെന്നുമേ!

......വന്ദനം! ......വന്ദനം!......
വെൽക ഭാരതാഭിമാന
വൈജയന്തികേ!
......വൈജയന്തികേ!

കേളുനായർ

ഞാൻ ഈ കാര്യസ്ഥത വേണ്ടാന്ന വെയ്ക്കൂ്ായി...... വേണ്ടാന്നവെയ്ക്കൂ്ായി!......ജന്മിക’ടേം പണക്കാര്ടേം, പട്ടാളക്കാര്ടേം കാലം കഴിഞ്ഞുന്നാ തോന്നാണേ......ആ കൊടീടെ ഊക്കേ!

(തിരിഞ്ഞു നോക്കുന്നു. മാടത്തിന്മേൽ ത്രിവർണ്ണപതാക. കുറുമ്പ കണ്ണീർവാർത്തു അതിനെ തൊഴുതുനില്ക്കുന്നതു കാണുന്നു.)

കേളുനായർ

തൊഴ്, ഉം, തൊഴ്!......ഇതാണ് സ്വാതന്ത്രം, അല്ലേ? കാന്തീടെ സ്വാതന്ത്രം. കണ്ട മാടത്തിന്നും കുടിലിന്നമൊക്കെ കൊടിചൂടാനുള്ള സ്വാതന്ത്രം...... മാറി......എല്ലാം മാറി......കാലം മാറി......

(നടന്നു മറയുന്നു.)

(അന്തരീക്ഷത്തിൽ)

വെൽക ഭാരതാഭിമാന വൈജയന്തികേ...!

വൈജയന്തികേ...!

(യവനിക.)

# ന [illegible] ത്യങ്ങൾ.

| | | | | |
|---|---|---|---|---|
| സ്വതന്ത്ര്യം. | ചെറുകാട്. | 1 | 4 | 0 |
| കാലത്തിന്റെ ആഹ്വാനം. | എ. വി. ശ്രീകണ്ഠപൊതുവാൾ. | 0 | 6 | 0 |
| ഒലയ്യൂയും ഇരട്ടമരണവും. | കുഞ്ഞുണ്ണി. | 0 | 8 | 0 |
| തറവാടും മടിശ്ശീലയും. | P. N. M. ആലിക്കോയ. | 1 | 4 | 0 |
| വീണയും വാളും. | K. C. പത്മനാഭൻ. | 0 | 14 | 0 |
| പുനർജ്ജന്മം. | P. D. മേനോൻ. | 1 | 8 | 0 |
| കലാകദംബം. | കുഞ്ഞുണ്ണി. | 0 | 8 | 0 |
| വമ്പത്തി നിയാണ് പെണ്ണ്. | മുഹമ്മദ് & നഹാരി. | 1 | 0 | 0 |
| മാങ്കാവിലെ കൊലപാതകം. | കർണ്ണൽ ഉണ്ണിനായർ. | 1 | 0 | 0 |
| കുടം കൈകൾ. | വിദ്വാൻ. T. K. രാമൻ മേനോൻ. | 1 | 4 | 0 |
| ഈ ദാഹം രക്തത്തിനാണ്. | A. V. ശ്രീകണ്ഠപൊതുവാൾ. | 0 | 10 | 0 |
| നാട്യരംഗം. | വിദ്വാൻ. പി. എ. ശങ്കരൻനമ്പൂതിരി. | 1 | 0 | 0 |
| വെളിച്ചം വരുന്നു. | A. K. ഗംഗാധരൻ. B. A. | 0 | 12 | 0 |
| അടിമ. | ചെറുകാട്. | 0 | 6 | 0 |
| കുട്ടിത്തമ്പുരാട്ടി. | ചെറുകാട്. | 1 | 0 | 0 |
| ഇരുട്ടും വെളിച്ചവും. | ഡി. ശ്രീമാൻ നമ്പൂതിരി. | 1 | 4 | 0 |
| അച്ഛന്റെ മകൾ. | മരുതോർവട്ടം. | 0 | 10 | 0 |
| കൃഷകന്റെ ഭാര്യ. | വിദ്വാൻ, ടി. കെ. രാമൻമേനോൻ. | 0 | 12 | 0 |
| പ്രേമബാഷ്പം. | വി. വി. കെ. | 0 | 6 | 0 |

**പി. കെ. ബ്രദേർസ്, കോഴിക്കോട്.**